# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.09.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലഹരിയ്ക്കെതിരെ ശക്തമായ നിലപാടെടുക്കാനും ലഹരിമുക്ത സമൂഹം കെട്ടിപ്പടുക്കുന്നതിൽ പങ്കാളികളാകാനും യുവജനങ്ങളോട് ആഹ്വാനം ചെയ്ത് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ.

   **Vice President C. P. Radhakrishnan calls upon the youth to take a strong stand against drugs and become partners in building a drug-free society.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഗുജറാത്തും മഹാരാഷ്ട്രയും സന്ദർശിക്കും. വഡോദരയിൽ 35,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

   **Prime Minister Narendra Modi will visit Gujarat and Maharashtra tomorrow. He will launch development projects worth ₹35,000 crore in Vadodara.**

3. പടിഞ്ഞാറൻ സംസ്ഥാനങ്ങളുടെ ഇരുപത്തെട്ടാമത് സോണൽ കൗൺസിൽ യോഗം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഗോവയിൽ ചേർന്നു.

   **The 28th meeting of the Western Zonal Council was held in Goa under the chairmanship of Union Home Minister Amit Shah.**

4. ഗാർഹിക പാചക വാതക സിലിണ്ടർ ബുക്കിംഗിലെ നിയന്ത്രണത്തിൽ ഇളവ് വരുത്തി കേന്ദ്രസർക്കാർ. നഗര–ഗ്രാമ വ്യത്യാസമില്ലാതെ

എല്ലാ ഉപഭോക്താക്കൾക്കും 25 ദിവസത്തെ ഇടവേളയിൽ സിലിണ്ടർ ബുക്ക് ചെയ്യാമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

**The Union Government has relaxed restrictions on the booking of domestic LPG cylinders. Union Minister of State Suresh Gopi says all consumers, irrespective of whether they live in urban or rural areas, can book a cylinder after an interval of 25 days.**

5. അസമിലെ നാഗോൺ ലോക്സഭാ സീറ്റിലേക്കും, തമിഴ്നാട്, പശ്ചിമ ബംഗാൾ, പുതുച്ചേരി എന്നിവിടങ്ങളിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കും ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെടുപ്പ് ഒക്ടോബർ ആറിന്.

**The Election Commission of India has announced by-elections to the Nagaon Lok Sabha seat in Assam and five Assembly constituencies in Tamil Nadu, West Bengal and Puducherry. Polling will be held on October 6.**

6. കേരളത്തിൽ പകൽ ചൂട് ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി ദുരന്ത നിവാരണ അതോറിറ്റി.

**The Kerala State Disaster Management Authority has issued a public advisory as daytime temperatures rise abnormally across the state.**

***************************

## VP-YOUTH

ലഹരിയ്ക്കെതിരെ ശക്തമായ നിലപാടെടുക്കാനും ലഹരിമുക്ത സമൂഹം കെട്ടിപ്പടുക്കുന്നതിൽ പങ്കാളികളാകാനും യുവാക്കളോട് ആഹ്വാനം ചെയ്ത് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ . അസമിലെ ഗുവാഹത്തി സർവകലാശാലയിലെ വിദ്യാർത്ഥികൾക്ക് അദ്ദേഹം ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മൂല്യം റാങ്കിംഗിൽ മാത്രമല്ലെന്നും, സമൂഹത്തെ പരിവർത്തനം ചെയ്യാനുള്ള അതിന്റെ ശേഷിയിലാണെന്നും അദ്ദേഹം പറഞ്ഞു. സമൂഹത്തിലെ

മാറ്റങ്ങൾക്ക് അനുസൃതമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൂതനമായി മാറണമെന്നും ഉപരാഷ്ട്രപതി വ്യക്തമാക്കി.

**************************

## PM – VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഗുജറാത്തും മഹാരാഷ്ട്രയും സന്ദർശിക്കും. വഡോദരയിൽ 35,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. റെയിൽവെ, ദേശീയ പാത പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. നാളെ വൈകിട്ട് മഹാരാഷ്ട്രയിൽ എത്തുന്ന പ്രധാനമന്ത്രി, മുംബൈയിൽ Global Fintech Fest ഉദ്ഘാടനം ചെയ്യും.

**************************

## AMIT SHAH- GOA (intro)

പടിഞ്ഞാറൻ മേഖലാ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഇരുപത്തെട്ടാമത് സോണൽ കൗൺസിൽ യോഗം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ യുടെ അധ്യക്ഷതയിൽ ഇന്ന് ഗോവയിലെ പനാജിയിൽ ചേർന്നു. കേന്ദ്രത്തിനും, സംസ്ഥാന സർക്കാരുകൾക്കുമിടയിൽ ഏകോപനം ആവശ്യമായ വിവിധ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. ഗോവ, ഗുജറാത്ത്, മഹാരാഷ്ട്ര മുഖ്യമന്ത്രിമാർ ഉൾപ്പെടെ യോഗത്തിൽ പങ്കെടുത്തു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഗോവ പോലീസിന് പ്രസിഡന്റ്സ് പോലീസ് കളർ സമ്മാനിച്ചു. ഗോവ പോലീസിൻറെ അർപ്പണ മനോഭാവം, അച്ചടക്കം, പ്രതിജ്ഞാ ബദ്ധത എന്നിവ മാനിച്ചാണ് പുരസ്കാരമെന്ന് ശ്രീ അമിത് ഷാ വ്യക്തമാക്കി.

(ഹോൾഡ്)

**************************

## LPG

ഗാർഹിക പാചക വാതക സിലിണ്ടർ ബുക്കിംഗിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണത്തിൽ ഇളവ് വരുത്തി കേന്ദ്രസർക്കാർ. ഇനി മുതൽ നഗര—ഗ്രാമ വ്യത്യാസമില്ലാതെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും 25 ദിവസത്തെ ഇടവേളയിൽ അടുത്ത സിലിണ്ടർ ബുക്ക് ചെയ്യാമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അറിയിച്ചു. മുൻപ് നഗരമേഖലകളിൽ 25 ദിവസവും, ഗ്രാമീണ മേഖലയിൽ 45 ദിവസവുമായിരുന്നു ഇടവേള. പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്നുണ്ടായ പ്രതിസന്ധി കണക്കിലെടുത്താണ് മാർച്ച് 12 മുതൽ ഗാർഹിക സിലിണ്ടർ ബുക്കിംഗിൽ നിയന്ത്രണം ഏർപ്പെടുത്തിയത്.

**************************

## EC-BYPOLL

അസമിലെ നാഗോൺ ലോക്സഭാ സീറ്റിലേക്കും, തമിഴ്നാട്, പശ്ചിമ ബംഗാൾ, പുതുച്ചേരി എന്നിവിടങ്ങളിലെ നിയമസഭാ മണ്ഡലങ്ങളിലേക്കും ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ. തമിഴ്നാട്ടിലെ മധുരാന്തകം, ധാരാപുരം നിയമസഭാ സീറ്റുകൾ, പശ്ചിമ ബംഗാളിലെ റെജിനഗർ, നന്ദിഗ്രാം മണ്ഡലങ്ങൾ, പുതുച്ചേരിയിലെ തട്ടഞ്ചാവടി നിയമസഭാ സീറ്റ് എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ്. വോട്ടെടുപ്പ് ഒക്ടോബർ 6-നും വോട്ടെണ്ണൽ 9-നും നടക്കും. വിജ്ഞാപനം മറ്റന്നാൾ പുറപ്പെടുവിക്കും. ഈ മാസം 16 വരെ നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കാം.

**************************

## SITHARAMAN-IMF

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ അന്താരാഷ്ട്ര നാണയ നിധി ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ നൈജൽ ക്ലർക്കുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ഐ.എം.എഫ് ബന്ധം

ഇരുനേതാക്കളും വിലയിരുത്തിയതായി ധനകാര്യ മന്ത്രാലയം അറിയിച്ചു.

***************************

## PIB - UP (intro)

തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഉത്തർപ്രദേശിലേക്ക് സംഘടിപ്പിച്ച മാധ്യമ പര്യടനത്തിന്റെ ഭാഗമായി കേരളത്തിൽ നിന്നുള്ള മാധ്യമ സംഘം ലഖ്നൗവിലെ സീതാപൂർ ജില്ലയിലെ ലോകപ്രശസ്തമായ ലഖ്നൗവി ചിക്കൻകാരി എംബ്രോയ്ഡറി കേന്ദ്രം സിദ്ധൗലി സന്ദർശിച്ചു.

കൂടുതൽ വിവരങ്ങളുമായി ഉത്തർപ്രദേശിൽ നിന്നും ആകാശവാണി പ്രതിനിധി രജു കോലിയക്കോട്..

(ഹോൾഡ്)

***************************

## VD SAHEESAN + PK BASHEER

ദേശീയപാത നിർമ്മാണ മേഖലയിൽ എത്തുന്ന വാഹനങ്ങളുടെ അശാസ്ത്രീയവും നിയമവിരുദ്ധവുമായ പാർക്കിംഗ് തടയുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി വി.ഡി സതീശൻ കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിക്ക് കത്തു നൽകി. കേരളത്തിലെ ദേശീയപാതയുടെ സുരക്ഷ പരിശോധിക്കണമെന്നും കത്തിൽ ആവശ്യമുണ്ട്. തൃശ്ശൂർ കൈപ്പമംഗലം വാഹനാപകടത്തിൽ എട്ട് വിദ്യാർത്ഥികൾ മരിച്ച സംഭവത്തിൻ്റെ പശ്ചാത്തലത്തിലാണ് കത്ത് അയച്ചത്.

സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ പൊതുമരാമത്ത്

മന്ത്രി പി.കെ. ബഷീർ നാളെ അടിയന്തര യോഗം വിളിച്ചു. അതേസമയം കൈപ്പമംഗലം വാഹനാപകടം അന്വേഷിക്കാൻ

കൊടുങ്ങല്ലൂർ DYSP യുടെ നേതൃത്വത്തിൽ 8 അംഗ പോലീസ് സംഘം രൂപീകരിച്ചു. ലോറി ഡ്രൈവർമാർക്ക് പുറമേ നാഷണൽ ഹൈവേ അതോറിറ്റിയെയും, കേസിൽ പ്രതി ചേർക്കും.

**************************

## DELHI BUILDING DEATH

ന്യൂഡൽഹിയിലെ സത്യ നികേതനിൽ കെട്ടിടം തകർന്നുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം ഏഴായി. പരുക്കേറ്റ മൂന്നുപേരുടെ നില ഗുരുതരമാണ്. സംഭവത്തിൽ,കെട്ടിടം ഉടമയെ അറസ്റ്റ് ചെയ്യതായി ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത അറിയിച്ചു. ഡൽഹി മുനിസിപ്പൽ കോർപ്പറേഷനിലെ ഡെപ്യൂട്ടി കമ്മീഷണർ ഉൾപ്പെടെ അഞ്ച് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. അപകടത്തിൽ മജിസ്ട്രേറ്റ് തല അന്വേഷണത്തിനും ഡൽഹി സർക്കാർ ഉത്തരവിട്ടു. അപകടത്തിന്റെ പശ്ചാത്തലത്തിൽ, എല്ലാ ഹോസ്റ്റലുകളുടെയും പേയിംഗ് ഗസ്റ്റ് കെട്ടിടങ്ങളുടെയും സമഗ്രമായ സുരക്ഷാ പരിശോധന ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കാൻ ഡൽഹി ഹൈക്കോടതി മുനിസിപ്പൽ കോർപ്പറേഷനോട് നിർദ്ദേശിച്ചു.

**************************

## HEAT - KERALA

കേരളത്തിൽ ചൂട് വീണ്ടും വർധിക്കുന്നു. താപനില മൂന്ന് മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. വർദ്ധിച്ച ചൂട് നിരവധി ആരോഗ്യപ്രശനങ്ങൾക്ക് കാരണമാവുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

**************************

## BIHAR FLOOD

ബിഹാറിൽ പ്രളയക്കെടുതികൾ രൂക്ഷം. പന്ത്രണ്ട് ജില്ലകളിലായി പത്തുലക്ഷത്തിലധികം പേരെ വെള്ളപ്പൊക്കം ബാധിച്ചു. ഗംഗ ഉൾപ്പടെയുള്ള പ്രധാന നദികളിലെ ജലനിരപ്പ് ഉയർന്ന നിലയിലാണ്. രക്ഷാപ്രവർത്തനങ്ങൾ ഊർജിതമാക്കാൻ മുഖ്യമന്ത്രി സമ്രാട്ട് ചൗധരി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

*************************

## NEPAL FLOOD TOLL

നേപ്പാൾ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 1,355 ആയി. ചിത്വാൻ, നവാൽപരസി, റാസുവ മേഖലകളിലാണ് ഏറ്റവും കൂടുതൽ പേർ മരിച്ചത്.. ഭോട്ടെ കോസി, ത്രിശൂലി നദികളിലെ വിവിധ ജലവൈദ്യുത പദ്ധതികളിൽ ജോലി ചെയ്തിരുന്ന 919 പേർ ഉൾപ്പെടെ നിരവധിപ്പേരെ കണ്ടെത്താനുള്ള ശ്രമം തുടരുകയാണ്. പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ സ്മരണാർത്ഥം നേപ്പാളിൽ ഇന്ന് ദേശീയ ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്.

*************************

## PREZ DURAND CUP

2026-ലെ ഡ്യുറൻഡ് കപ്പ് വിജയികളായ ഈസ്റ്റ് ബംഗാൾ ഫുട്ബോൾ ക്ലബ്ബിന് രാഷ്ട്രപതി ദ്രൗപദി മുർമു പ്രസിഡൻറ്സ് കപ്പ് സമ്മാനിച്ചു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ ഡ്യുറൻഡ് ഫുട്ബോൾ ടൂർണമെന്റ് സൊസൈറ്റി പ്രസിഡന്റും സംയുക്ത സൈനിക മേധാവിയുമായ ജനറൽ എൻ.എസ്.രാജ സുബ്രഹ്മണി, സൊസൈറ്റി വൈസ് പ്രസിഡന്റുമാരായ കര-നാവിക-വ്യോമ സേനാ മേധാവിമാരും പങ്കെടുത്തു.

*************************

## JAISHANKAR-LUXEMBOURG DPM

ലക്സംബർഗ് ഉപപ്രധാനമന്ത്രിയും വിദേശവ്യാപാര മന്ത്രിയുമായ സേവ്യർ ബെറ്റലുമായിവിദേശകാര്യമന്ത്രി എസ്.ജയശങ്കർ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വ്യാപാരം, നിക്ഷേപം, സാമ്പത്തിക സഹകരണം എന്നിവയാണ് ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൻറെ അടിസ്ഥാനമെന്ന് ശ്രീ ജയശങ്കർ വ്യക്തമാക്കി.

**************************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 383 പോയിൻറും നിഫ്റ്റി 119 പോയിൻറും നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കുറഞ്ഞു. പവന് 480 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 13,040 രൂപയും ഗ്രാമിന് 14,130 രൂപയുമാണ് ഇന്നത്തെ വില.

**************************

## UN CLIMATE WEEK

ആഗോള കാലാവസ്ഥാ വാഗ്ദാനങ്ങൾ ദ്രുതഗതിയിൽ നടപ്പാക്കുന്നത് ലക്ഷ്യമിട്ടുള്ള നാലാമത് യുഎൻ കാലാവസ്ഥാ വാരാചരണത്തിന് ഇന്ന് അസർബൈജാനിലെ ബാക്കുവിൽ തുടക്കമായി. ഈ മാസം 17 വരെ നടക്കുന്ന അഞ്ച് ദിവസത്തെ യോഗത്തിൽ, ഭരണകൂട പ്രതിനിധികൾ, ധനകാര്യ സ്ഥാപനങ്ങൾ, വ്യവസായ പ്രമുഖർ, കാലാവസ്ഥാ വിദഗ്ധർ എന്നിവർ പങ്കെടുക്കും.

*****************************************************

**************************